ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 30-05-2026 TIME : 07.25 AM

# പ്രധാന വാർത്തകൾ

1. ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ നാളെ കേരളത്തിലെത്തും; ഇന്ന് ഗോവയുടെ സംസ്ഥാന രൂപീകരണ ദിനാഘോഷങ്ങളിൽ ഉപരാഷ്ട്രപതി പങ്കെടുക്കും.
   Vice President C.P. Radhakrishnan to visit Kerala tomorrow; VP will attend Goa's Statehood Day celebrations today.

2. രാജ്യത്തിന്റെ ജനസംഖ്യാ ഘടന സംരക്ഷിക്കുന്നതിന് അനധികൃത കുടിയേറ്റം ഒഴിവാക്കേണ്ടത് അത്യന്താപേക്ഷിതമെന്ന് കേന്ദ്ര മന്ത്രി അമിത് ഷാ.
   Eradicating illegal immigration is vital to protect the nation's demography, says Union Minister Amit Shah.

3. അഞ്ച് ദിവസത്തെ സന്ദർശനത്തിനായി മ്യാൻമർ പ്രസിഡന്റ് യു മിൻ ഓങ് ഹ്ലൈങ് ഇന്ന് ഇന്ത്യയിലെത്തും.
   President of Myanmar U Min Aung Hlaing to arrive in India on five-day visit.

4. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത്' നാളെ.
   Prime Minister Narendra Modi's to share his thoughts on 'Mann Ki Baat' programme tomorrow.

5. കേരളത്തിൽ സമ്പൂർണ ശുചിത്വം ലക്ഷ്യമിട്ടുള്ള ആരോഗ്യവകുപ്പിന്റെ ജനകീയ മഹാശുചീകരണ യജ്ഞം 'തുടക്കം' ഇന്നു മുതൽ.

'Thudakkam', the Health Department's mass cleaning drive aims at total sanitation in Kerala, begins today.

6. ഐ.പി.എൽ ക്രിക്കറ്റ് ഫൈനലിൽ കടന്ന് ഗുജറാത്ത് ടൈറ്റൻസ്; രാജസ്ഥാൻ റോയൽസിനെ പരാജയപ്പെടുത്തിയത് ഏഴ് വിക്കറ്റിന്.

In IPL cricket, Gujarat Titans enters into final after defeating Rajasthan Royals by seven wickets.

*************************************

## VP VISIT (INTRO)

ഉപരാഷട്രപതി സി പി രാധാകൃഷ്ണൻറെ ഗോവ സന്ദർശനം തുടരുന്നു. പനാജിയിൽ ഇന്ന് നടക്കുന്ന ഗോവ സംസ്ഥാന രൂപീകരണ ദിനാഘോഷത്തിൽ ഉപരാഷ്ട്രപതി പങ്കെടുക്കും. **വിശദാംശങ്ങളിലേക്ക്............**

(ഹോൾഡ്-വോയ്സ്)

1961-ൽ പോർച്ചുഗീസ് ഭരണത്തിൽ നിന്ന് മോചിതരായ ശേഷം ദാമൻ-ദിയുവിനൊപ്പം കേന്ദ്രഭരണ പ്രദേശമായിരുന്ന ഗോവ, 1987-ലാണ് പ്രത്യേക സംസ്ഥാനമായി മാറിയത്. കൊങ്കണി ഭാഷയ്ക്ക് ഔദ്യോഗിക പദവി ലഭിച്ചതും സംസ്ഥാന രൂപീകരണത്തിലേക്ക് നയിച്ച സുപ്രധാന ഘടകമായിരുന്നു. ഇന്നത്തെ ആഘോഷങ്ങളുടെ ഭാഗമായി പ്രശസ്ത കാർട്ടൂണിസ്റ്റ് മാരിയോ മിറാൻഡയുടെ സ്മരണാർത്ഥം തപാൽ സ്റ്റാമ്പ് ഉപരാഷ്ട്രപതി പുറത്തിറക്കും. വിവിധ ക്ഷേമപദ്ധതികളുടെ ഉദ്ഘാടനവും ചടങ്ങിൽ നടക്കും. തുടർന്ന്, ഗോവയിലെ സി.എസ്.ഐ.ആർ - നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രഫി സന്ദർശിക്കുന്ന ഉപരാഷ്ട്രപതി, അവിടെയുള്ള ഗവേഷണ-സാങ്കേതിക പ്രദർശനങ്ങൾ വീക്ഷിക്കുകയും ശാസ്ത്രജ്ഞരുമായി സംവദിക്കുകയും ചെയ്യും. നാളെ വൈകുന്നേരത്തോടെ കേരളത്തിലെത്തുന്ന ഉപരാഷ്ട്രപതി കോട്ടയത്ത് ദീപിക ദിനപത്രത്തിന്റെ 140-ാമത്

വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനം നിർവഹിക്കും. **ന്യൂസ്ഡെസ്ക്, ആകാശവാണി...**

*****************************************

## SHAH-BHUJ VISIT (INTRO)

അതിർത്തികൾ സുരക്ഷിതമാക്കുന്നതും അനധികൃത കുടിയേറ്റം ഇല്ലാതാക്കുന്നതും രാജ്യത്തെ ജനങ്ങളുടെ സുരക്ഷയ്ക്ക് അത്യന്താപേക്ഷിതമാണെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ഗുജറാത്തിലെ ഭുജിൽ ബിഎസ്എഫ് ഉദ്യോഗസ്ഥരുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. ഉയർന്നുവരുന്ന സുരക്ഷാ വെല്ലുവിളികളെ ഫലപ്രദമായി നേരിടുന്നതിന് അതിർത്തി സുരക്ഷാ സേനയ്ക്ക് കൂടുതൽ മേഖലകൾ ഏൽപ്പിക്കുന്നത് സർക്കാർ പരിഗണിക്കുന്നുണ്ടെന്ന് കേന്ദ്ര മന്ത്രി പറഞ്ഞു.

( ഹോൾഡ്- വോയ്സ്)

*****************************************

## MYANMAR PREZ-VISIT

അഞ്ച് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി മ്യാൻമർ പ്രസിഡന്റ് യു മിൻ ഓങ് ഹ്ലയിംഗ് ഇന്ന് ബീഹാറിലെ ഗയയിൽ എത്തും. വൈകുന്നേരം ന്യൂഡൽഹിയിൽ എത്തുന്ന അദ്ദേഹം വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറുമായി കൂടിക്കാഴ്ച നടത്തും. നാളെ, മ്യാൻമർ-ഇന്ത്യ ബിസിനസ് ഫോറത്തിൽ അദ്ദേഹം പങ്കെടുക്കും. തിങ്കളാഴ്ച, പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി മ്യാന്മാർ പ്രസിഡന്റ് ചർച്ച നടത്തും.

*****************************************

## PRADHAN-SAMAGRA SHIKSHA

വിദ്യാർത്ഥികൾക്കിടയിൽ നൈപുണ്യ വികസനം, പോഷകാഹാരം, കായികം, കല എന്നിവയിൽ പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് 2020 ലെ ദേശീയ വിദ്യാഭ്യാസ നയം ഫലപ്രദമായി നടപ്പിലാക്കുമെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ. സമഗ്ര ശിക്ഷ അഭിയാൻറെ കീഴിൽ ഫണ്ട് അനുവദിക്കുന്നതിനെക്കുറിച്ചും വിനിയോഗത്തെക്കുറിച്ചും അവലോകന യോഗം നടത്തുകയായിരുന്നു അദ്ദേഹം. പഠിതാക്കളെ വളർത്തിയെടുക്കുന്നതോടൊപ്പം വികസിത ഭാരതത്തിന് ആവശ്യമായ മാനവ മൂലധനം കെട്ടിപ്പടുക്കുന്നതിലും ഈ ശ്രമങ്ങൾ നിർണായക പങ്ക് വഹിക്കുമെന്ന് ശ്രീ പ്രധാൻ അഭിപ്രായപ്പെട്ടു.

***********************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത്' നാളെ. പരിപാടിയുടെ 134-ാാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റെയും മുഴുവൻ ശൃംഖലകളിലൂടെയും മൻ കി ബാത്ത് തത്സമയം കേൾക്കാം. തുടർന്ന് പ്രാദേശിക ഭാഷകളിലെ പരിഭാഷയുമുണ്ടാകും.

***********************************

## VAISHNAW-NETRA

രാജ്യത്തെ ആദ്യത്തെ എഡ്ജ് എ-ഐ സിസ്റ്റം-ഓൺ-ചിപ്പ്, നേത്ര എ-2000 വികസിപ്പിച്ച് തിരുവനന്തപുരം ആസ്ഥാനമായുള്ള സെമികണ്ടക്ടർ സ്റ്റാർട്ടപ്പായ നേത്രസെമി. നൂതനമായ 12-നാനോമീറ്റർ ടെക്നോളജി നോഡ് ഉപയോഗിച്ച് നിർമ്മിച്ച ചിപ്പ്, സ്മാർട്ട് വിഷൻ ആപ്ലിക്കേഷനുകൾക്ക് ശക്തി പകരുമെന്ന് കേന്ദ്ര

മന്ത്രി അശ്വിനി വൈഷ്ണവ് സമൂഹ മാധ്യമത്തിൽ കുറിച്ചു. ഡിസൈൻ ലിങ്ക്ഡ് ഇൻസെൻറീവ് പദ്ധതി രാജ്യത്ത് കൂടുതൽ ഫലപ്രദമാകുന്നുണ്ടെന്നും കേന്ദ്ര മന്ത്രി പറഞ്ഞു.

***********************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

***********************************

## CLEANING DRIVE-KERALA

കേരളത്തിൽ സമ്പൂർണ ശുചിത്വം ലക്ഷ്യമിട്ട് ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന ജനകീയ മഹാശുചീകരണ യജ്ഞം 'തുടക്കം' ഇന്ന് തിരുവനന്തപുരത്ത് ആരോഗ്യ മന്ത്രി കെ. മുരളീധരൻ ഉദ്ഘാടനം ചെയ്യും. ആശുപത്രി ക്യാമ്പസുകളിലെ വെള്ളക്കെട്ട് ഒഴിവാക്കുക, കൊതുകുജന്യ രോഗങ്ങൾ നിയന്ത്രിക്കുക, മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാക്കുക, രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്നിവയാണ് യജ്ഞത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.

***********************************

## T U KURUVILA-OBIT

മുൻ പൊതുമരാമത്ത് വകുപ്പ് മന്ത്രിയും കേരളാ കോൺഗ്രസ് ജോസഫ് ഡപ്യൂട്ടി ചെയർമാനുമായിരുന്ന ടി.യു.കുരുവിള അന്തരിച്ചു. 89 വയസ്സായിരുന്നു. ശ്വാസകോശസംബന്ധമായ അസുഖത്തെതുടർന്ന് ചികിത്സയിലായിരുന്നു. സംസ്കാരം നാളെ കോതമംഗലത്ത് നടക്കും. 2006 ലും 2011 ലും അദ്ദേഹം കോതമംഗലത്തുനിന്ന് നിയമസഭയിലെത്തി. പ്ലാൻറേഷൻ കോർപ്പറേഷൻ ചെയർമാൻ, ഹൗസിംഗ് ബോർഡ് ചെയർമാൻ,

റബ്ബർ ബോർഡ് മെമ്പർ തുടങ്ങിയ പദവികൾ വഹിച്ചിട്ടുണ്ട്.

*****************************************

## SREE PADMANABHA SWAMY TEMPLE

തിരുവനന്തപുരം ശ്രീ പദ്മനാഭസ്വാമി ക്ഷേത്രവുമായി ബന്ധപ്പെട്ട് പ്രചരിക്കുന്ന വാർത്തകൾ വസ്തുത വിരുദ്ധമെന്ന് ക്ഷേത്രം അധികൃതർ. അധികാരികളെയോ, ഭരണസമിതിയെയോ സമീപിക്കാതെ വസ്തുതാവിരുദ്ധമായ റിപ്പോർട്ട് സമർപ്പിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാൻ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടാൻ ഇന്നലെ ചേർന്ന ഭരണസമിതി യോഗം തീരുമാനിച്ചു. ക്ഷേത്രത്തിൽ നിന്നും നഷ്ടപ്പെട്ടതായി, പോലീസ് മേധാവിയുടെ റിപ്പോർട്ടിൽ പറയുന്ന വൈരനാമവും വിളക്കും ശ്രീകോവിലിൽ സുരക്ഷിതമാണെന്നും ഭരണസമിതി അറിയിച്ചു.

*****************************************

## RANDHIR JAISWAL (INTRO)

ആഫ്രിക്കൻ ഭൂഖണ്ഡത്തിന്റെ വിവിധ ഭാഗങ്ങളിൽ എബോള രോഗബാധ പടരുന്ന പശ്ചാത്തലത്തിൽ പ്രഥമഘട്ട മെഡിക്കൽ സഹായം ഇന്ത്യ കൈമാറിയാതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു . അടിയന്തരമായി ഉപയോഗിക്കാനുള്ള മരുന്നുകളും മെഡിക്കൽ സാമഗ്രികളും വ്യക്തിഗത സുരക്ഷാ കിറ്റുകളും ഉൾപ്പെടുന്ന ആദ്യ ബാച്ച് സാമഗ്രികളാണ് ആഫ്രിക്കക്ക് കൈമാറിയതെന്ന് മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ വ്യക്തമാക്കി.

(വോയ്സ്)

*****************************************

## GOVT-FUEL RESERVES

പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ എൽപിജി സംഭരണശേഷി വർദ്ധിപ്പിക്കാൻ പൊതുമേഖലാ എണ്ണക്കമ്പനികൾക്ക് കേന്ദ്രസർക്കാർ നിർദ്ദേശം. കുറഞ്ഞത് 30 ദിവസത്തേക്കുള്ള എൽപിജി കരുതൽ ശേഖരം ഉറപ്പാക്കണമെന്ന് നിർദ്ദേശം നൽകിയതായി പെട്രോളിയം മന്ത്രാലയം ജോയിന്റ് സെക്രട്ടറി സുജാത ശർമ്മ അറിയിച്ചു. ക്രൂഡ് ഓയിൽ സംഭരണശേഷി വർദ്ധിപ്പിക്കാനും സർക്കാർ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് അവർ വ്യക്തമാക്കി.

***********************************************

## IPL

ഐ.പി.എൽ ക്രിക്കറ്റിന്റെ ഫൈനലിൽ കടന്ന് ഗുജറാത്ത് ടൈറ്റൻസ്. ഇന്നലെ നടന്ന രണ്ടാം ക്വാളിഫയർ മത്സരത്തിൽ രാജസ്ഥാൻ റോയൽസിനെ ഏഴ് വിക്കറ്റിന് തകർത്താണ് ഗുജറാത്ത് ടൈറ്റൻസ് കലാശപോരിന് യോഗ്യത നേടിയത്. വൈഭവ് സൂര്യവംശിയുടെ റെക്കോർഡ് ബാറ്റിങ് മികവിൽ രാജസ്ഥാൻ റോയൽസ് ഉയർത്തിയ 215 റൺസിന്റെ വിജയലക്ഷ്യം ക്യാപ്റ്റൻ ശുഭ്മാൻ ഗില്ലിന്റെ തകർപ്പൻ സെഞ്ച്വറിയുടെ പിൻബലത്തിൽ 18.3 ഓവറിൽ 3 വിക്കറ്റ് നഷ്ടത്തിൽ ഗുജറാത്ത് അനായാസം മറികടന്നു. നാളെ അഹമ്മദാബാദിൽ നടക്കുന്ന ഫൈനലിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ ഗുജറാത്ത് ടൈറ്റൻസ് നേരിടും.

***********************************************

## WOMENS T-20 CRICKET

ഇന്ത്യ-ഇംഗ്ലണ്ട് വനിതാ ടി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് രാത്രി 7 മണിക്ക് ബ്രിസ്റ്റോളിൽ നടക്കും. ഇന്നത്തെ മത്സരം ജയിച്ചാൽ ഇന്ത്യയ്ക്ക് പരമ്പര സ്വന്തമാക്കാം .

*****************************************

## BADMINTON

സിംഗപ്പൂർ ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യയുടെ പുരുഷ ഡബിൾസ് ജോഡിയായ സാത്വിക്സായിരാജ് രങ്കിറെഡ്ഡി-ചിരാഗ് ഷെട്ടി സഖ്യം സെമിഫൈനലിൽ പ്രവേശിച്ചു. മിക്സഡ് ഡബിൾസിൽ, മലേഷ്യൻ ജോഡികൾ പരിക്കിനെ തുടർന്ന് പിന്മാറിയതോടെ ഇന്ത്യയുടെ ധ്രുവ് കപിലയും തനിഷ ക്രാസ്റ്റോയും സെമിഫൈനലിൽ എത്തി.

*****************************************

## CBSE-POST RESULT PORTAL

ഫലപ്രഖ്യാപനത്തിന് ശേഷമുള്ള നടപടികൾക്കായി ബോർഡിന്റെ പോർട്ടൽ തിങ്കളാഴ്ച മുതൽ പ്രവർത്തനക്ഷമമാകുമെന്ന് സി ബി എസ് ഇ. ഉത്തരക്കടലാസുകളുടെ പരിശോധനയും പുനർമൂല്യനിർണ്ണയവും സുതാര്യവും തടസ്സരഹിതവുമായി നടത്തുമെന്നും സിബിഎസ്ഇ അറിയിച്ചു. വിദ്യാർത്ഥികൾക്ക് സിബിഎസ്ഇ ടെലി-കൗൺസിലിംഗ് സേവനങ്ങൾക്കായി 1800 11 8004 എന്ന ഹെൽപ്പ്ലൈൻ നമ്പറിലും resultcbse2026 @cbse shiksha.in എന്ന ഇമെയിൽ വിലാസത്തിലും ബന്ധപ്പെടാം.

*****************************************

## UN CHILD SAFETY

കുട്ടികൾക്ക് ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ സുരക്ഷിതമായ അന്തരീക്ഷം ഒരുക്കുന്നതിന് കർശനമായ നിയന്ത്രണങ്ങളും മേൽനോട്ടവും അനിവാര്യമാണെന്ന് ഐക്യരാഷ്ട്രസഭ മനുഷ്യാവകാശ ഹൈക്കമ്മീഷണർ വോൾക്കർ ടർക്ക്. ഡിജിറ്റൽ ലോകം കുട്ടികൾക്ക് പഠനത്തിനും സർഗ്ഗാത്മകതയ്ക്കും അവസരം നൽകുമ്പോൾ തന്നെ അവരുടെ സുരക്ഷയ്ക്കും സ്വകാര്യതയ്ക്കും ഭീഷണിയുമാകുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. സാമൂഹിക മാധ്യമങ്ങൾക്ക് സമ്പൂർണ്ണ നിരോധനം ഏർപ്പെടുത്തുന്നതിന്

പകരം, പ്ലാറ്റ്ഫോമുകൾ രൂപകൽപ്പന ചെയ്യുമ്പോൾ തന്നെ സുരക്ഷ ഉറപ്പാക്കണമെന്നും, വിവരങ്ങൾ സംരക്ഷിക്കണമെന്നും ടർക്ക് ആവശ്യപ്പെട്ടു.

************************************

## RUSSIA UKRAINE WAR

യുക്രെയ്നിലെ സംഘർഷം അവസാനത്തോട് അടുക്കുകയാണെന്ന് റഷ്യൻ പ്രസിഡന്റ് വ്ളാദിമിർ പുടിൻ. യുദ്ധരംഗത്തെ നിലവിലെ സാഹചര്യം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണിതെന്ന് പ്രസിഡന്റ് പുടിനെ ഉദ്ധരിച്ച്, റഷ്യൻ വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്തു. എന്നാൽ, സംഘർഷം എന്നവസാനിക്കും എന്നതിന് കൃത്യമായ സമയപരിധി നിശ്ചയിക്കുന്നത് അവിവേകമാണെന്നും യുദ്ധത്തിനിടയിൽ അത്തരമൊരു പ്രഖ്യാപനം പ്രായോഗികമല്ലെന്നും പുടിൻ അഭിപ്രായപ്പെട്ടു. ഉക്രെയ്നുമായി ചർച്ചകൾക്ക് റഷ്യ തയ്യാറാണെന്നും, ചർച്ചകൾ ഒരിക്കലും നിഷേധിച്ചിട്ടില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

************************************

## PORTAL-UNCLAIMED ASSETS

ക്ലെയിം ചെയ്യാത്ത സാമ്പത്തിക ആസ്തികളെക്കുറിച്ചുള്ള വിവരങ്ങൾ എളുപ്പത്തിൽ കണ്ടെത്തുന്നതിനായി ധനകാര്യ സേവന വകുപ്പ് 'കോമൺ ലാൻഡിംഗ് പോർട്ടൽ' ആരംഭിച്ചു. രാജ്യത്തെ 12 പൊതുമേഖലാ ബാങ്കുകളുടെ കൂട്ടായ്മയായ പബ്ലിക് സെക്ടർ ബാങ്ക് അലയൻസുമായി സഹകരിച്ചാണ് പോർട്ടൽ വികസിപ്പിച്ചത്.

************************************ ************************************ ************
**********************